# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേലാർകോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പികെഡി18/156/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/02/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലാർകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പികെഡി18/156/2023 തീയ്യതി: 22/02/2023

## പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-01-2022 മുതൽ 08-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.രാജിഷ.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശബ്ലാദാസ്.എസ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.വത്സല | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്.ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മോഹനരാജൻ.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.നിഷിത.കെ.എ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അഷിതമോൾ.സി | വി.ഇ.ഒ-1 | 01-04-2021 | 31-03-2022 |
| ശ്രീമതി.ജൂനി ജെയിംസ് | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ഡോ.നികിതാ നായർ | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 31-03-2022 |
| ഡോ.ധന്യ.എം | മെഡിക്കൽ ഓഫീസർ(ISM) | 01-04-2021 | 17-05-2021 |
| ഡോ.സുമേഷ്.വി | മെഡിക്കൽ ഓഫീസർ(ISM) | 18-05-2021 | 23-09-2021 |
| ഡോ.ശാലിനി.എസ് | മെഡിക്കൽ ഓഫീസർ(ISM) | 24-09-2021 | 07-12-2021 |
| ഡോ.ടി.വി.സുവിജ | മെഡിക്കൽ ഓഫീസർ(ISM) | 08-12-2021 | 09-03-2022 |
| ഡോ.അന്തുശ്മ | മെഡിക്കൽ ഓഫീസർ(ISM) | 10-03-2022 | 31-03-2022 |
| ഡോ.സ്റ്റീഫൻ ജോസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.പി.ടി.നാൻസി | അസി.സെക്രട്ടറി | 01-04-2021 | 19-07-2021 |
| ശ്രീ.അനൂപ്.എം.എ | അസി.സെക്രട്ടി | 20-07-2021 | 31-03-2022 |
| ശ്രീ.അനൂപ്.കെ.എം | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ്കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 26-10-2021 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 27-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.എം.എൻ.രാജേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 03-09-2021 |
| ശ്രീ.മനു ചന്ദ്രൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 04-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | നിലവിലുള്ള കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കലിന് പെർമിറ്റ് ഫീ അധികം ഈടാക്കി | 1-11 |
| 14 | അസംബ്ലി കെട്ടിടത്തിന്റെ ക്രമവത്ക്കരണം - എല്ലാ അപാകങ്ങളും ചൂണ്ടി കാണിച്ചില്ല | 1-12 |
| 15 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യത-മുൻ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-13 |
| 16 | വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ | 1-14 |
| 17 | വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-14-1 |
| 18 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ വ്യത്യാസം | 1-14-2 |
| 19 | സഞ്ചയ ഡാറ്റാബേസിലെ എംഎസ്എംഇ കളുടെ വിവരം കൃത്യമല്ല | 1-14-3 |
| 20 | മൊബൈൽ ടവറിന്റെ നിർമ്മാണം ക്രമവത്ക്കരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല | 1-14-4 |
| 21 | ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 22 | മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ പരിപാലനത്തിനായി വകമാറ്റി ചെലവഴിച്ചു | 1-16 |
| 23 | ലാപ്ടോപ്പ്, പ്രിന്റർ വാങ്ങൽ - Cprcs പോർട്ടലിലൂടെ വാങ്ങുന്നതിന് മുൻഗണന നൽകിയില്ല | 1-17 |
| 24 | സ്ട്രീറ്റ്ലൈറ്റ് റിപ്പയർ - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ | 1-18 |

| | | |
|---|---|---|
| 25 | അനിവാര്യ ചുമതലയുടെ ഭാഗമായുള്ള പൂർണ്ണ സേവനത്തിന് CGST, SGST എന്നിവ നൽകി | 1-18-1 |
| 26 | MSME രജിസ്ട്രേഷന്റെ ആധികാരികത പരിശോധിക്കാതെ ടെണ്ടറർക്ക് പർച്ചേസ് ആനുകൂല്യം അനുവദിച്ചു | 1-18-2 |
| 27 | എസ്.എസ്.കെ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-19 |
| 28 | തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-20 |
| 29 | ലൈഫ് ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവ്- വാർഷിക കണക്കിൽ അധിക ബാധ്യത നിലനിൽക്കുന്നു | 1-21 |
| 30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 1-22 |
| 31 | വരവ്-ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-22-1 |
| 32 | വാങ്ങൽ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-22-2 |
| 33 | MGNREGS-വ്യക്തിഗത മെറ്റീരിയൽ വർക്കുകൾ സ്റ്റോക്കിലെടുക്കൽ -മാസ്റ്റർ സർക്കുലറിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ് | 1-22-3 |
| 34 | പഞ്ചായത്ത് ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 1-23 |
| 35 | ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ചെയ്തില്ല | 1-24 |
| 36 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-25 |
| 37 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി | 1-26 |
| 38 | എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 39 | ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം- പ്രവർത്തനം വിലയിരുത്തൽ | 1-28 |
| 40 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല | 1-29 |
| 41 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-30 |
| 42 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-31 |
| 43 | ടേക്ക് എ-ബ്രേക് പദ്ധതി - ടോയ്‌ലറ്റ് ബ്ലോക്ക് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പൂർത്തീകരിച്ചില്ല | 1-32 |
| 44 | അസി.എഞ്ചിനിയറുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക | 1-33 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ് | |
| 45 | ടാറിംഗ് പ്രവൃത്തികളുടെ ബാരലിന്റെ വിലയൊടൊപ്പം ഈടാക്കിയ ജി.എസ്.ടി ഒടുക്കിയില്ല | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അനിവാര്യ ചുമതലയുടെ ഭാഗമായുള്ള പൂർണ്ണ സേവനത്തിന് ജി.എസ്.ടി നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

25-02-2022 ലെ തീരുമാനം നം7/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,52,82,895 |
| തൻവർഷം വരവ് | 31,25,69,500 |
| ആകെ വരവ് | 32,78,52,395 |
| ചെലവ് | 31,54,77,000 |
| നീക്കിയിരിപ്പ് | 1,23,75,395 |

### 1-1-1 യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 31,25,69,500 | 8,48,42,339 |
| തൻവർഷത്തെ ചെലവ് | 31,54,77,000 | 8,08,62,743 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 3-6-2022 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. KURDFC വായ്പാ തുകയുടെ യഥാർത്ഥ നീക്കിയിരിപ്പ് തുകയെക്കാൾ (21412000 രൂപ) അധികമായി ബാലൻസ് ഷീറ്റിലെ B5 (27906108 രൂപ) പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.
2. MNREGS ന്റെ യഥാർത്ഥ വരവും ചെലവു തുകയേക്കാൾ അധികമായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.
3. ജോയിന്റ് വെഞ്ചർ പ്രോജക്ടുകൾക്ക് ലഭ്യമായതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുകകൾ തിരിച്ചടച്ചിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11403231 |
| വരവ് | 84842339 |
| ആകെ | 96245570 |

| | |
|---|---|
| ചെലവ് | 80862743 |
| നീക്കിയിരിപ്പ് | 15382827 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 13147946 | 13147946 | 13137605 | 10341 |
| വികസനഫണ്ട് -എസ്.സി.പി | 0 | 9141587 | 9141587 | 7020691 | 2120896 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 24616000 | 24616000 | 12131994 | 12484006 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6329052 | 6329052 | 5823724 | 505328 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 3116347 (*) | 3116347 | 2499173 | 617174 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 4579000 | 4579000 | 2771682 | 1807318 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 159918 | 159918 | 159918 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 585589 | 585589 | 585589 | 0 |

(*) 3116347 രൂപയിൽ തൻവർഷത്തെ അലോട്ട്മെന്റ് ആയ 3053000 രൂപയും പലിശ 63347 രൂപയും ഉൾപ്പെടുന്നു.

കേന്ദ്രാവിഷ്കൃതം

എ)

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 807750 | 1002470 | 1810220 | 209673 | 1600547 |
| സമ്പൂർണ്ണ ശുചിത്വം | 160000 | 0 | 160000 | 0 | 160000 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3473 | 844330 | 847803 | 841074 | 6729 |
| തൊഴിലാളികളുടെ വേതനം | 0 | 65694016 | 65694016 | 65694016 | 0 |
| ആകെ | 3473 | 66538346 | 66541819 | 66535090 | 6729 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 400000 | 1500000 | 1900000 | 1700000 | 200000 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 3725267 | 160000 | 3885267 | 0 | 3885267 |
| മറ്റ് പ്രത്യേക ഗ്രാന്റുകൾ | 30345 | 0 | 30345 | 0 | 30345 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 147956333 | 185 | 58166161 | 0 | 36 | 39 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 5488000 | 4767160 | 87 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 3804600 | 1814130 | 48 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 1512000 | 1245723 | 82 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ--ഹോമിയോ | 3 | 3 | 230152 | 229605 | 100 |
| വി.ഇ.ഒ -1 | 9 | 7 | 44553800 | 3365500 | 8 |
| വി.ഇ.ഒ -2 | 8 | 8 | 39970394 | 8111234 | 20 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 6781700 | 5634209 | 83 |
| സെക്രട്ടറി | 37 | 31 | 13173539 | 10242732 | 78 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 130 | 102 | 27873079 | 19314942 | 69 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 280000 | 280000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 1167000 | 87260 | 7 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 6 | 6 | 2622069 | 2573666 | 98 |
| ആകെ | 221 | 185 | 147956333 | 58166161 | 39 |

## 1-6 തൊഴിലുറപ്പ് പദ്ധതി (MGNREGS)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3473 | 844330 | 847803 | 841074 | 6729 |
| തൊഴിലാളികളുടെ വേതനം | 0 | 65694016 | 65694016 | 65694016 | 0 |
| ആകെ | 3473 | 66538346 | 66541819 | 66535090 | 6729 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 11200800 | 685 |
| 3 | വിധവാ പെൻഷൻ | 19361600 | 1286 |
| 4 | വാർദ്ധക്യകാല പെൻഷൻ | 30583600 | 2262 |
| 5 | വികലാംഗ പെൻഷൻ | 4951600 | 341 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1266800 | 81 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2023 ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 2709/- രൂപയും വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

വെള്ളക്കരം ഇനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുക കൃത്യമായി കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
വാർഷിക കണക്ക് തയ്യാറാക്കിയതിൽ വിവിധ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.
സംയുക്ത പ്രോജക്റ്റിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിച്ചിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
2022 ഏപ്രിൽ മാസം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്.

സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2017-18 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് നവംബർ, 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഗുരുതരമായി പരാമർശങ്ങൾ ഒന്നുമില്ല.

### 1-11 നിലവിലുള്ള കെട്ടിടത്തിന്റെ കൂട്ടിചേർക്കലിന് പെർമിറ്റ് ഫീ അധികം ഈടാക്കി

സിറാജ്.വൈ, കല്ലത്താണി, കാത്താംപൊറ്റ, ചിറ്റലഞ്ചേരി എന്നവർ 25/10/2021 തീയതിയിൽ നിലവിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് മുകളിൽ (നം. 1/292) നിർമ്മാണം നടത്തുന്നതിന് പെർമിറ്റ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (ഫയൽ നം.എ.-3-4525/21)25/10/2021 തീയതിയിലെ അസി. എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ കൂട്ടിചേർക്കലിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കുന്ന ഭാഗത്തിനുമാത്രം പെർമിറ്റ് ഫീ ഈടാക്കുന്നതിനു പകരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കാക്കി ഫീ ഈടാക്കിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പെർമിറ്റ് നമ്പർ – A3-BA(263245)/2021 തീ 05/11/2021

നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം - 132.34 ച.മീ

എക്സ്റ്റെൻഷൻ ഏരിയ - 65.08 ച.മീ

ആകെ വിസ്തീർണ്ണം - 207.61 ച.മീ

ഈടാക്കിയ പെർമിറ്റ് ഫീ - 1440 രൂപ

ഈടാക്കാവുന്നത് – 456 (65.08x7) രൂപ

അധികം ഈടാക്കിയത് - 984 രൂപ

അപാകത്തിന് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1എ/11-01-2023) മറുപടിയായി ഇങ്ങനെയുള്ള നിർമ്മിതികൾക്ക് യഥാർത്ഥ പെർമിറ്റ് ഫീ വാങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് രേഖകളുടെ പരിശോധന നടത്തി പെർമിറ്റ് ഫീ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-12 അസംബ്ലി കെട്ടിടത്തിന്റെ ക്രമവത്ക്കരണം - എല്ലാ അപാകങ്ങളും ചൂണ്ടി കാണിച്ചില്ല

പ്രസിഡന്റ്, നായർ സമുദായം, തെക്കേത്തറ എന്നവരുടെ ഉടമസ്ഥതയിലുള്ള അസംബ്ലി കെട്ടിടം ക്രമവത്ക്കരിക്കുന്നതിനായി അപേക്ഷ (എ3-769/22 തീ 14/02/2022) സമർപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കെ.പി.ബി.ആർ 2019 പ്രകാരം അസംബ്ലി വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന് (D വിഭാഗം) ബാധകമാകുന്ന വിധത്തിലല്ല നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതനുസരിച്ച്, 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലെ വിവിധ ലംഘനങ്ങൾ പരിഹരിക്കേണ്ടതാണെന്ന് 21-6-2022 ലെ കത്ത് നം. എ3/769/22 പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ 2008 ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമം, അതിൻകീഴിലുള്ള ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള ആർ.ഡി.ഒ യുടെ അനുമതി കൂടി ആവശ്യമാണെന്ന് അപേക്ഷകനെ അറിയിച്ചിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മേലാർകോട് വില്ലേജ് ഓഫീസർ നല്കിയ 25/09/2021 തിയിതിലെ പൊസഷൻ സർട്ടിഫിക്കറ്റ് നമ്പർ 899/21 പ്രകാരം 64/7, 84/3 റീ സർവ്വെ നമ്പറുകളിലാണ് കെട്ടിട നിർമ്മാണത്തിനായി അപേക്ഷിച്ചിട്ടുള്ള സ്ഥലം ഉൾപ്പെട്ടിട്ടുള്ളത്. വില്ലേജിലെ രേഖകൾ പ്രകാരം റീ സർവ്വെ നം. 64/7 ക്ലാസിഫിക്കേഷൻ 'കളം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. 64/7, 84/3 എന്നീ റീ സർവ്വെ നമ്പറിൽ

ഉൾപ്പെട്ട പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനാണ് സമർപ്പിച്ചിട്ടുള്ളത്. റീ സർവ്വെ നം. 64/7 ലെ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമം അനുസിച്ച് പ്രസ്തുത സ്ഥലം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയാണ് (Unnotfifed Land). വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ 10 സെന്റിൽ കൂടുതൽ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് ആർ.ഡി.ഒ യ്ക്ക് അപേക്ഷ നൽകി സ്വഭാവ വ്യതിയാനത്തിനുള്ള അനുമതി ലഭ്യമാക്കേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം അനുമതി ലഭ്യമാക്കുവാൻ അപേക്ഷകനോട് ആവശ്യപ്പെട്ടതായി കാണുന്നില്ല.

നിലവിൽ കെട്ടിടം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കാനും കെട്ടിടത്തിന് U.A നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലിൽ ആയതിന്റെ വിവരവും ലഭ്യമാക്കാനും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1എ/11-01-2023) ലഭ്യമാക്കിയ മറുപടിയിൽ അസി.എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം വിവിധ ലംഘനങ്ങൾ പരിഹരിക്കേണ്ടതാണെന്ന് 21/06/2022 കത്ത് നല്കിയതിൽ 2008 തണ്ണീർത്തട സംരക്ഷണ നിയമം അതിന്മേലുള്ള ചട്ടങ്ങൾ പ്രകാരം അനുമതി ആവശ്യമാണ് എന്ന് അപേക്ഷകനെ അറിയിച്ചിരുന്നില്ലെന്നും ടി വിവരം അപേക്ഷകനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നിലവിൽ ഈ അസംബ്ലി കെട്ടിടം പ്രവർത്തിക്കുന്നില്ലെന്നും കെട്ടിടത്തിന് U.A നമ്പർ അനുവദിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യത-മുൻ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ചില്ല

താഴെ പറയുന്ന 5 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തി വരുന്നത്.

1. ചേരാമംഗലം (ചെമ്പുഴി) കുടിവെള്ള പദ്ധതി.
2. കോട്ടേക്കുളം -1 കുടിവെള്ള പദ്ധതി.
3. കോട്ടേക്കുളം -2 കുടിവെള്ള പദ്ധതി.
4. എടക്കാട് കോളനി കുടിവെള്ള പദ്ധതി.
5. ചാമരിക്കാട് കുടിവെള്ള പദ്ധതി, എന്നിവയാണ്.

മേൽ പദ്ധതികളുടെ കീഴിൽ ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും നിലവിലുണ്ടെങ്കിലും ഉപഭോക്താക്കളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

എല്ലാ ഉപഭോക്താക്കളിൽ നിന്നും 70 രൂപയാണ് പ്രതിമാസം ഈടാക്കുന്നത്. ഫൈൻ ആയി പ്രതിമാസം 5/- രൂപയാണ് നിലവിൽ ഈടാക്കി വരുന്നത്. പുതിയ കണക്ഷനുകൾ നിലവിൽ നല്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ വാട്ടർ ചാർജ് ഇനത്തിൽ അഡ്വാൻസ് കള്ക്ഷൻ 1540/- രൂപയും കറന്റ് കളക്ഷൻ 47600/- രൂപയുമാണ്. ഉപഭോക്താക്കളുടെ കണക്ക് ഇല്ലാത്തതിനാൽ ഡിമാന്റ് തുക കൃത്യമാണോ എന്നും കുടിശ്ശിക എത്രയെന്ന് കണ്ടെത്തുവാനും സാധിക്കാത്ത സ്ഥിതിയാണുള്ളത്. നിലവിൽ തയ്യാറാക്കി വരുന്ന ഡിമാന്റ് രജിസ്റ്റർ പ്രകാരം 179 ഉപഭോക്താക്കളുടെ വിവരങ്ങളാണ് ലഭ്യമായിട്ടുള്ളത്. പരിപാലനത്തിനായി 4 പമ്പ് ഓപ്പറേറ്റർമാരെ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്.

പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, വൈദ്യുതി ചാർജ്, റിപ്പയർ ചാർജ് എന്നീ ഇനങ്ങളിൽ ശരാശരി 3 ലക്ഷം രൂപ ചെലവുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളക്കരം ഇനത്തിലെ വരവ് കുറവായതിനാൽ ഗ്രാമപപഞ്ചായത്തിന് അധിക ബാധ്യതയുണ്ട്.

ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കൃത്യമായി ഈടാക്കുവാനും കുടിശ്ശിക കണക്കാക്കി ആയത് പരിച്ചെടുക്കുവാനും ഈടാക്കാനുള്ള നടപടി അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

കുടിശ്ശിക അടവാക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്ന മുൻ ഓഡിറ്റ് പരാമർശങ്ങൾ നടപ്പാക്കാതിരുന്നതിന്റെ സാഹചര്യം വിശദീകരിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 9/13-01-2023 ന് ഗുണഭോക്താക്കളിൽ നിന്നും വാട്ടർചാർജ്, കുടിശ്ശിക, ഫൈൻ ഉൾപ്പടെ കണക്കാക്കി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. നോട്ടീസ് നല്കി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നതായും അറിയിച്ചിട്ടുണ്ട്. കോട്ടേക്കുളത്തുള്ള 2 കുടിവെള്ള പദ്ധതികളും സമിതി രൂപീകരിച്ച് കൈമാറുന്നതിനായുള്ള നടപടികൾ വാർഡ് മെമ്പറിന്റെ നേതൃത്വത്തിൽ സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്.

വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കുടിശ്ശിക സഹിതം തുക പൂർണ്ണമായി പിരിച്ചെടുത്തതിനുശേഷം ഗുണഭോക്തൃസമിതികൾക്ക് അടിയന്തിരമായി കൈമാറേണ്ടതാണ്.

വാട്ടർ ചാർജ് കുടിശ്ശികയുടെ കണക്ക് കൃത്യമാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-14 വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ

വസ്തു നികുതി ഡാറ്റയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-14-1 വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2021-22 സാമ്പത്തിക വർഷാവസാനത്തിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും തൻവർഷം 1,89,111.30 രൂപ പിരിച്ചെടുക്കാനുണ്ട്. നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ തൻവർഷം 2,10,489 രൂപയും കുടിശ്ശികയായി 2,35,122/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം 12/13-1-2023 നുള്ള മറുപടിയിൽ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ നിലവിൽ സ്വീകരിച്ച വരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 2023 സെപ്തംബർ മാസം എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ചിരുന്നതായും 17/1/2023 മുതൽ അടുത്ത ക്യാമ്പ് കളക്ഷൻ നടത്താൻ തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക വരുത്തിയവർക്ക് ആർ.ആർ നടപടികൾ കഴിഞ്ഞ വർഷം വരെ സ്വീകരിച്ചതായും നാളിതുവരെ 82.55 ശതമാനം നികുതി പിരിച്ചെടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വസ്തു നികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

### 1-14-2 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ വ്യത്യാസം

സിറാജ്.വൈ, കല്ലത്താണി, കാത്താംപൊറ്റ, ചിറ്റലഞ്ചേരി എന്നവരുടെ നിലവിലുള്ള കെട്ടിടത്തിന്റെ (നം. 1/292) വിസ്തീർണ്ണം 132.34 ച മീ ആണെന്ന് 25/10/2021 തീയതിയിൽ സമർപ്പിച്ച കൂട്ടിച്ചേർക്കലിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയയിലുള്ള ഡാറ്റാ ബേസ് പ്രകാരം തറവിസ്തീർണ്ണം 120 ച.മി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥ വിസ്തീർണ്ണത്തേക്കാൾ കുറവായി സഞ്ചയയിൽ വിസ്തീർണ്ണം രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 12/13-1-2023 ന് പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് 120 ച.മീ എന്നത് തിരുത്തി 134.34 ച.മീ എന്ന് ശരിയായി രേഖപ്പെടുത്തി ആനുപാതിക നികുതി ഈടാക്കുന്നതിന്റെ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

യഥാർത്ഥ വിസ്തീർണ്ണം സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും ഫോറം-6 സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-14-3 സഞ്ചയ ഡാറ്റാബേസിലെ എംഎസ്എംഇ കളുടെ വിവരം കൃത്യമല്ല

സഞ്ചയ ഡാറ്റാബേസ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2006 ലെ എം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്ട് പ്രകാരം 10 എം.എസ്.എം.ഇ കൾക്കാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ നിലവിൽ താത്കാലികമായി പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ (ഇന്റേൺ) ഓഡിറ്റിന് നൽകിയ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ 12 എം.എസ്.എം.ഇ കൾ അടുത്തിടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി ബോധ്യപ്പെട്ടു. ഓഡിറ്റ് അന്വേഷണം നം. 12/13-1-2023 നുള്ള മറുപടിയിൽ ഓരോ വാർഡിലേയും വിവരം ശേഖരിച്ച് സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആധികാരികത ഉറപ്പാക്കി 2006 ലെ എം.എസ്.ഇം.ഇ ഡെവലപ്മെന്റ് ആക്ട് അനുസരിച്ചുള്ള കാറ്റഗറിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉണ്ടെന്നും ജീവനക്കാർ തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്നും കൂടി ഉറപ്പു വരുത്തേണ്ടതാണ്.

### 1-14-4 മൊബൈൽ ടവറിന്റെ നിർമ്മാണം ക്രമവത്ക്കരിച്ച് വസ്തു നികുതി നിർണ്ണയിച്ചില്ല

സ്മിത്ത് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചറൽ പ്രൈവറ്റ് ലിമിറ്റഡ്, 32/0/2552-C, പി.കെ ടവർ, ഒന്നാം നില, മാമംഗലം, യാത്രി നിവാസിന് സമീപം, പാലാരിവട്ടം പി.ഒ, എറണാകുളം എന്ന സ്ഥാപനത്തിന് 9-ാം വാർഡിൽ സർവ്വേ നം. 1264/29 ൽ 3.04 ആർ സ്ഥലത്ത് ഒരു ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് A3-BA(84684)/2021 തീയതി 20.02.2021 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു (ഫയൽ നം: എ3/1208/2021). പെർമിറ്റ് കാലാവധി 26.03.2022-ന് അവസാനിച്ചതായി പെർമിറ്റ് രജിസ്റ്റർ (പേജ് നമ്പർ 12) പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. പെർമിറ്റ് പുതുക്കുകയോ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മൊബൈൽ ടവറിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 12/13-1-2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്മിത്ത് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചറൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മൊബൈൽ ടവറിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനും നിയമാനുസൃതം നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

അനധികൃതമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ള മൊബൈൽ ടവറിന്റെ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235ഡബ്ലിയു, 235 എഎ എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളും 2019ലെ KPBR അനുസരിച്ചുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

അനധികൃത മൊബൈൽ ടവറുകളുടെ പ്രവർത്തനം പരിശോധിക്കുവാൻ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.
അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

മേലാർകോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ കടമ്പിടി, ചേരാമംഗലം, മേലാർകോട് എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 ലെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം 2/12-1-2023 നുള്ള മറുപടിയിൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റ് വിഭാഗത്തെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ പരിപാലനത്തിനായി വകമാറ്റി ചെലവഴിച്ചു

എ) കുടിവെള്ള പദ്ധതികൾ
2021-22 സാമ്പത്തിക വർഷം 15 പമ്പ് ഹൗസുകളുടെ മോട്ടോർ റിപ്പയറുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്)നം.330/2004/തസ്വഭവ തിയതി 09-12-2004 പ്രകാരം പുറപ്പെടുവിച്ച മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയിലും തുടർ ഉത്തരവുകളിലും മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിന് മുൻഗണന നൽകി ചെലവഴിക്കേണ്ട റോഡിതര മെയിന്റനൻസ് ഫണ്ട് തനത് ആസ്തികളുടെ പരിപാലനത്തിനായി ചെലവഴിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ പമ്പ് ഹൗസുകൾക്ക് മോട്ടോർ റിപ്പയറിനായി മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) ചെലവഴിച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1) പമ്പ് ഹൗസുകൾക്ക് മോട്ടോർ റിപ്പയർ
പ്രൊജക്റ്റ് നം-8/22 New
അടങ്കൽ തുക-200000/- (MG-Non Road)
ചെലവഴിച്ച തുക- 197098/- (വിവിധ ബില്ലുകൾ പ്രകാരം)
എഗ്രിമെന്റ് നം. തിയ്യതി -2/24.06.2021
2) പമ്പ് ഹൗസുകൾക്ക് മോട്ടോർ റിപ്പയർ
പ്രൊജക്റ്റ് നം-S0175/22
അടങ്കൽ തുക- 54030/- (MG-Non Road)
ചെലവഴിച്ച തുക- 54030/-
എഗ്രിമെന്റ് നം., തിയ്യതി-2/01.04.2020

| ബിൽ നം .തിയ്യതി | ബിൽതുക |
|---|---|
| 29/27-10-21 | 54030/- |

ബി) തെരുവു വിളക്കുകളുടെ പരിപാലനം
1) തെരുവു വിളക്കു റിപ്പയർ സർവീസ്
പ്രോജക്റ്റ് നം. - 10/22 (MG-Non Road)
അടങ്കൽ- 375000/-

ചെലവ് തുക- 357000/- (302542 + GST - 54458)

എഗ്രിമെന്റ് നം., തിയ്യതി-4/2021-22, 24.06.21

2) തെരുവുവിളക്ക റിപ്പയർ - സാധാന സാമാഗ്രികൾ വാങ്ങൽ

പ്രോജക്ട് നം. - 137/22 (MG-Non Road)
അടങ്കൽ- 120000/-
ചെലവ് തുക- 119912/-
ബിൽ നം., തുക- 9/22.07.21, 119912/-
എഗ്രിമെന്റ് നം., തിയ്യതി- /2021-22, 24.06.21

3) തെരുവുവിളക്ക റിപ്പയർ -സാധനസാമാഗ്രികൾ വാങ്ങൽ

പ്രോജക്ട് നം. - 09/22 (MG-Non Road)
അടങ്കൽ- 490000/-
ചെലവ് തുക- 476870/-

എഗ്രിമെന്റ് നം., തിയ്യതി- 3/2021-22, 24.06.21

പഞ്ചായത്തിന്റെ തനത് ആസ്തിയുടെ നവീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12(1)/12-01-23 നുള്ള മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും തനത് ഫണ്ട് വരുമാനം തീരെ കുറവാണെന്നുമുള്ള വിവരം അറിയിച്ചിട്ടുണ്ട്.
ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി മാത്രം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
മെയിന്റനൻസ് ഗ്രാന്റ് വകമാറ്റുന്നത് ഒഴിവാക്കേണ്ടതാണ്.
തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിൽ ജി.ഒ(എം.എസ്)നം.118/2022/LSGD തിയതി 4-6-2022 ലെ നിർദ്ദേശങ്ങൾ എന്നിവ കൂടി പരിഗണിക്കേണ്ടതാണ്.

1-17 ലാപ്ടോപ്പ്, പ്രിന്റർ വാങ്ങൽ - Cprcs പോർട്ടലിലൂടെ വാങ്ങുന്നതിന് മുൻഗണന നൽകിയില്ല

പ്രോജക്ട് നം. 281/22 (വികസന ഫണ്ട്-ജനറൽ)
അടങ്കൽ-80000/-
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
ചെലവ്-79880/-(ബിൽ നം.75/26.03.2022)

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രസിഡന്റിന് ലാപ്പ്ടോപ്പ് ഒന്ന്, അക്കൗണ്ടന്റിന് പ്രിന്റർ ഒന്ന് എന്നിങ്ങനെ GEM പോർട്ടൽ മുഖേന വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സംസ്ഥാന ഇലക്ട്രോണിക്സ് ആന്റ് സ്റ്റേറ്റ് ഐ.ടി വകുപ്പിനു കീഴിലുള്ള ഓൺലൈൻ പോർട്ടൽ ആയ Cprcs മുഖേന വാങ്ങുന്നത് നിർബന്ധമാക്കിക്കൊണ്ട് സ.ഉ(പി)നം.10/2019/SPD തിയതി 22-08-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഖ. 7.52 ഉൾപ്പെടുത്തിയിട്ടുണ്ട്. Cprcs ൽ ഉള്ള ഉപകരണം പുറമേ നിന്നും വാങ്ങുമ്പോൾ Cprcs ലെ നിരക്കിലും അധികരിച്ചിട്ടില്ല എന്നും ഉറപ്പാക്കേണ്ടതാണ്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയി Cprcs മുഖേന മാത്രമേ വാങ്ങാവൂ എന്നിരിക്കെ പ്രോജക്ടിൽ GEM മുഖേന വാങ്ങുന്നതിനുള്ള നിബന്ധനകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12(2)/12-01-23 നുള്ള മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
കേരള ഇലക്ട്രോണിക്സ് ആന്റ് സ്റ്റേറ്റ് ഐ.ടി വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങൾ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

1-18 സ്ട്രീറ്റ്ലൈറ്റ് റിപ്പയർ - പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ

2021-22 വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനും സാധനസാമഗ്രികളുടെ വാങ്ങലിനുമായി മൂന്ന് പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-18-1 അനിവാര്യ ചുമതലയുടെ ഭാഗമായുള്ള പൂർണ്ണ സേവനത്തിന് CGST, SGST എന്നിവ നൽകി

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 1 മുതൽ 16 വരെയുള്ള വാർഡുകളിലെ സ്ട്രീറ്റ്ലൈറ്റ് റിപ്പയറിനുള്ള സർവീസ് ചാർജ് നൽകുന്ന പ്രോജക്ട് പ്രകാരം ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.പി.എസ്.വെങ്കിട്ടരമണൻ, പെരുങ്കുളത്തിന്റെ ടെണ്ടർ 24/06/21 തിയ്യതിയിലെ ഭരണ സമിതി തീരുമാനം നം. 9(3) പ്രകാരം ഉറപ്പിച്ച നൽകിയിട്ടുണ്ട്.

പ്രോജക്ട് നം. - 10/22 (MG-Non Road)

അടങ്കൽ- 375000/-

ചെലവ് തുക- 375000/-

എഗ്രിമെന്റ് നം., തിയ്യതി-4/2021-22, 24.06.21

ചെലവ് തുകയായ 375000 രൂപയിൽ 302542 രൂപ സർവ്വീസ് ചാർജ്ജും 54458 രൂപ ജി.എസ്.ടി യും (ബിൽ പ്രകാരം) ഉൾപ്പെടുന്നു. ജി.എസ്.ടി 54458 രൂപയിൽ 8606 രൂപ ടി.ഡി.എസ് ആയി ഒടുക്കിയിട്ടുണ്ട്.
2017 ലെ സി.ജി.എസ്.ടി/എസ്.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 11(1) പ്രകാരം സർക്കാരിന് ഒരു വിജ്ഞാപനം വഴി ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം സാധനങ്ങളേയും സേവനങ്ങളേയും നികുതിയിൽ നിന്നും ഒഴിവാക്കി നൽകാവുന്നതാണ്. ആയത് പ്രകാരം കേന്ദ്ര വിജ്ഞാപനം നം. 12/2017-Central Tax(Rate) തിയതി 28-06-2017, സംസ്ഥാന സർക്കാരിന്റെ വിജ്ഞാപനം നം. S.R.O No.371/2017 തിയതി 30-06-2017 പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒരു പഞ്ചായത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന് നൽകുന്ന പൂർണ്ണസേവനങ്ങളെ(Pure Services) ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
നിർമ്മാണ പ്രവൃത്തി അല്ലാത്ത സ്ട്രീറ്റ് ലൈറ്റ് റിപ്പയറിന് KCWWF ഈടാക്കേണ്ടിയിരുന്നില്ല.
ഗ്രാമപഞ്ചായത്തിന്റെ ചുമതലയുടെ ഭാഗമായ തെരുവ് വിളക്ക് പരിപാലനം എന്ന സേവന പ്രവൃത്തിയിൽ സാധനങ്ങളുടെ സപ്ലൈ ഇല്ലാതിരുന്നതിനാൽ പൂർണ്ണസേവനമായി പരിഗണിക്കേണ്ടതായിരുന്നു. ആയതിന് ജി.എസ്.ടി ബാധകമല്ലാതിരുന്നിട്ടും ജി.എസ്.ടി കണക്കാക്കി ബിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ ചെലവായ 54458 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ വിതരണക്കാരനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം ന. 4(3)/12-1-2023 ന് മറുപടി ലഭ്യമായില്ല).
(ഖ.3-1 ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്)

### 1-18-2 MSME രജിസ്ട്രേഷന്റെ ആധികാരികത പരിശോധിക്കാതെ ടെണ്ടറർക്ക് പർച്ചേസ് ആനുകൂല്യം അനുവദിച്ചു

തെരുവ് വിളക്കുകളുടെ സർവ്വീസിനും സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി തൻവർഷം താഴെ പറയുന്ന മൂന്ന് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) തെരുവ് വിളക്ക റിപ്പയർ സർവീസ്

പ്രോജക്ട് നം. - 10/22 (MG-Non Road)

അടങ്കൽ- 375000/-

ചെലവ് തുക- 357000/- (302542 + GST – 54458)

എഗ്രിമെന്റ് നം., തിയ്യതി-4/2021-22, 24.06.21

2) തെരുവുവിളക്കു റിപ്പയർ - സാധന സാമഗ്രികൾ വാങ്ങൽ
പ്രോജക്റ്റ് നം. - 137/22 (MG-Non Road)
അടങ്കൽ- 120000/-
ചെലവ് തുക- 119912/-
ബിൽ നം., തുക- 9/22.07.21, 119912/-
എഗ്രിമെന്റ് നം., തിയ്യതി- /2021-22, 24.06.21
3) തെരുവുവിളക്കു റിപ്പയർ -സാധനസാമഗ്രികൾ വാങ്ങൽ
പ്രോജക്റ്റ് നം. - 09/22 (MG-Non Road)
അടങ്കൽ- 490000/-
ചെലവ് തുക- 476870/-
എഗ്രിമെന്റ് നം., തിയ്യതി- 3/2021-22, 24.06.21

മൂന്ന് പ്രോജക്ടുകളുടേയും ടെണ്ടറിൽ പങ്കെടുത്ത് വിജയിയായ ശ്രീ.വെങ്കിട്ടരമണൻ, ലക്ഷ്മി ഇലക്ട്രിക്കൽസ്, പെരുങ്കുളം എന്നയാൾ MSME ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാൽ ടെണ്ടർ ഫോറം വില, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവയിൽ ഇളവ് നൽകിയിട്ടുണ്ട്.

ഉദ്യം രജി. നം. KL-10/000/5833 തിയതി 23-6-21

സർട്ടിഫിക്കറ്റിൽ 'Manufacturing' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. Services എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന തെരുവു വിളക്ക് സർവ്വീസ് എന്ന പ്രോജക്ട് പ്രകാരം Manufacturing യൂണിറ്റിന് ബാധകമായ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

2. തെരുവു വിളക്ക് സപ്ലൈ ചെയ്യുന്നതിനുള്ള രണ്ട് ടെണ്ടറുകളിൽ മേൽ സർട്ടിഫിക്കറ്റ് തന്നെയാണ് ഹാജരാക്കിയിരിക്കുന്നത്. Manufacturing വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന സ്ഥാപനം ഉത്പന്നത്തിന്റെ നിർമ്മാതാവ് (Manufacuturer/Producer) ആയിരിക്കേണ്ടതാണ്. മേൽ സ്ഥാപനം തെരുവു വിളക്ക് നിർമ്മിക്കുന്ന സ്ഥാപനമാണെന്ന് ഉറപ്പാക്കുന്ന രേഖകൾ ഇല്ല.

3. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ തെരുവു വിളക്ക് വാങ്ങുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. ഭരണസമിതി വാങ്ങൽ അംഗീകരിച്ചതായും കാണുന്നില്ല.

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി 4(3)/12.01.2023 ക്ക് നൽകിയ മറുപടിയിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 10/01/2017 ലെ എസ്.ഒ നം. 85(e) വിജ്ഞാപനത്തിലെ ഖണ്ഡിക 15 പ്രകാരം ഉദ്യോഗ് ആധാറിന്റെ ആധികാരികത ഉറപ്പാക്കാൻ ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാങ്ങൽ നടത്തുന്നതിനു മുമ്പായി സ്ഥാപനം യഥാർത്ഥ എം.എസ്.എം.ഇ (Manuracuturer/Producer/Service Provider) തന്നെയാണെന്നും സാഥാപനത്തിന് സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ ശേഷി ഉണ്ടെന്നും ഉറപ്പാക്കുവാൻ എല്ലാ സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണെന്ന് ജി.ഒ.(പി)നം.2/2019/SPD തിയ്യതി 24.01.19 പ്രകാരം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാതാക്കൾക്കും സേവന ദാതാക്കൾക്കും മാത്രമാണ് ടെണ്ടർഫീ, ഈ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവയിൽ ഇളവിന് അർഹതയുള്ളത്.

ഇ.എം.ഡി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ ടെണ്ടറിനോടൊപ്പം ബാധകമായി ഇ.എം.ഡി ഒടുക്കാതിരുന്നാൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.9.7(i)(b) പ്രകാരം ടെണ്ടർ

നിരസിക്കേണ്ടതായിരുന്നു. മതിയായ പെർഫോമൻസ് സെക്യൂരിറ്റി ഒടുക്കാത്തവരുടെ ടെണ്ടറും നിരസിക്കാവുന്നതാണെന്ന് 9.7(v) ൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച വാങ്ങലിൽ ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവയിൽ ഇളവുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഇല്ലാതെയാണ് ഒഴിവ് നൽകിയിട്ടുള്ളത്. മതിയായ രേഖകളുടെ/വിശദീകരണത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 899324 രൂപയുടെ (302542 + 119912 + 476870) ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. മേൽ കരാറുകാരന് അനധികൃതമായി പർച്ചേസ് ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് ഉചിതമായ തലത്തിൽ അന്വേഷണം നടത്തേണ്ടതാണ്.

അന്വേഷണ നടപടികളുടെ രേഖകളും ടെണ്ടർ നൽകിയതിനെ സാധൂകരിക്കുന്ന രേഖകൾ/വിശദീകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-19 എസ്.എസ്.കെ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം നൽകൽ പ്രൊജക്ടിൽ താഴെ പറയുന്ന തുക SSK പ്രൊജക്ട് ഡയറക്ടർ, പാലക്കാട് ന് നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം. | ബിൽ നം., തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2/22-SSK പദ്ധതിക്കായി പഞ്ചായത്ത് വിഹിതം<br>SSK പ്രോജക്ട് ഡയറക്ടർ, പാലക്കാട്<br>അക്കൌണ്ട് നം. 0819101104301 | 14/ 12.08.21 | 698416/- | 700000/- | 698416/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 4/12.01.2023 ന് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 1 മുതൽ 16 വാർഡുകളിൽ സ്ട്രീറ്റ്ലൈൻ വലിക്കുന്നതിനായി KSEB യിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുക കൈമാറിയിട്ടുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, നെന്മാറ, കുനിശ്ശേരി ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം. തിയ്യതി | ബിൽ തുക |
|---|---|---|
| 200/22<br>(SO)-1 മുതൽ 16 വരെയുള്ള വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന്(നെന്മാറ) | 73/ 26.03.22 | 660183/- |

നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/12.01.2023 ന് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതിയുടെ വായ്പ്പാ തിരിച്ചടവ്- വാർഷിക കണക്കിൽ അധിക ബാധ്യത നിലനിൽക്കുന്നു

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായുള്ള KURDFC വായ്പ ഇനത്തിൽ താഴെ പറയും പ്രകാരം വായ്പ്പാ തിരിച്ചടവ് നടന്നിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് | പ്രൊജക്ട് നം. | അടങ്കൽ | ഫണ്ട് | തിരിച്ചടച്ച തുക |
|---|---|---|---|---|---|
| 1 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 196/22 | 146667 | വികസന ഫണ്ട് | 146667 |
| 2 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 197/22 | 938667 | വികസന ഫണ്ട് | 938667 |
| 3 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 223/22 | 1022920/- | വികസന ഫണ്ട് | 1022920 |
| 4 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(scp) | 198/22 | 88000/- | വികസന ഫണ്ട് (Scp) | 88000/- |
| 5 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(scp) | 199/22 | 51333/- | വികസന ഫണ്ട് (Scp) | 51333/- |
| 6 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(scp) | 224/22 | 55080/- | വികസന ഫണ്ട് (Scp) | 55080/- |
| | ആകെ | | 2302667/- | | 2302667/- |

സെക്രട്ടറിയുടെ വിവിധ പ്രോജക്ടുകൾ പ്രകാരം 2302667 രൂപ തൻവർഷം തിരിച്ചടച്ചിട്ടുണ്ട്. തിരിച്ചടച്ച തുക വാർഷിക കണക്കിൽ ചെലവായി രേഖപ്പെടുത്തുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്. മുന്നിരിപ്പ്, തൻവർഷത്തെ തിരിച്ചടവ് എന്നിവ കണക്കാക്കുമ്പോൾ യഥാർത്ഥത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 21412000 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂൾ പ്രകാരം വായ്പ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 27906108 രൂപയാണ്.

വായ്പ്പാ തുക അടവ് ചെലവിൽ ശരിയായി രേഖപ്പെടുത്താതിരുന്നതിനാൽ ബാലൻസ് ഷീറ്റിൽ (ബി-4) തിരിച്ചടവ് തുക അധികമായി കാണിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 5/13.01.2023 ന് 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ജേർണൽ എൻട്രിയിട്ട് തുക ശരിയാക്കി രേഖപ്പെടുത്താമെന്ന് മറുപടി നൽകിയിട്ടുണ്ട്. തെറ്റായി രേഖപ്പെടുത്തിയ വായ്പ്പാ തിരിച്ചടവ് തുക ക്രമീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

2021-22 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-22-1 വരവ്-ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

MGNREGS ക്യാഷ് ബുക്കിലെ വരവ്-ചെലവ് കണക്ക് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ I-6, I-14(a) പത്രികകൾ പ്രകാരം വരവും ചെലവും ആകെ 66535090 രൂപയാണ് എന്നാൽ ക്യാഷ് ബുക്ക് പ്രകാരം വേതനമിനത്തിലെ വരവും ചെലവും 37568623 രൂപയാണ്. മേൽ സൂചിപ്പിച്ച വിധം വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ MGNREGS ന്റെ ക്യാഷ്ബുക്ക്, വേതനം കൈമാറിയതിന്റെ

കണക്കുകൾ എന്നിവ പരിശോധിച്ച് കണക്കുകൾ കൃത്യമാണെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം13/13.01.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22-2 വാങ്ങൽ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ മാർഗ്ഗനിർദേശമുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

2020-21 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ.ശശി, അന്താഴി എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. 2021-22 വർഷത്തിൽ ശ്രീ ശശി എന്നയാൾക്ക് നൽകിയ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. 2020-21 വർഷത്തിൽ 46 പ്രവൃത്തികളിലായി ആകെ 6679841 രൂപയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. 66798 രൂപ വീതം CGST, SGST ഇനത്തിൽ ടി.ഡി.എസ് നടത്തുവാൻ വിട്ടുപോയിട്ടുണ്ട്.

| SL NO. | WORK NAME | MATERIAL AMOUNT | CGST | SGST | TOTAL |
|---|---|---|---|---|---|
| 1 | Patta Pumb House Road Concrete | 309511.24 | 3095 | 3095 | 6190 |
| 2 | Valliyakozhipadam Culvert Nirmanam | 166109.6 | 1661 | 1661 | 3322 |
| 3 | Konnalur Anganavadi Road Concrete | 304313.99 | 3043 | 3043 | 6086 |
| 4 | Kallamparambu Sc Collony Road Concrete | 188140.708 | 1881 | 1881 | 3763 |
| 5 | Kollumb Road Concrete | 71456.7 | 715 | 715 | 1429 |
| 6 | Chorakulam Road Concrete | 67924.25 | 679 | 679 | 1358 |
| 7 | Kollumb Road Side Protection | 99741.8 | 997 | 997 | 1995 |
| 8 | Melarcode Theater Road Concrete | 303103.775 | 3031 | 3031 | 6062 |
| 9 | Kuttuparambu Idavazhi Concrete | 66814.293 | 668 | 668 | 1336 |
| 10 | Vaniyanthara Road Concrete | 77091.663 | 771 | 771 | 1542 |
| 11 | Kizhakethara Canal Bund Road | 52549.773 | 525 | 525 | 1051 |
| 12 | Kulamuchi Road Concrete | 228121.72 | 2281 | 2281 | 4562 |
| 13 | Nettayankadu Road Concrete | 241733.8 | 2417 | 2417 | 4835 |
| 14 | Chtraparambu Road Concrete | 143842.905 | 1438 | 1438 | 2877 |
| 15 | Manalikadu Road Concrete | 89721.71 | 897 | 897 | 1794 |
| 16 | Panambazhakadu Road Concrete | 96962.12 | 970 | 970 | 1939 |

| | | | | | |
|---|---|---|---|---|---|
| 17 | Malakkal Road Concrete | 84862.1 | 849 | 849 | 1697 |
| 18 | Pazhathara Dhaivapura Road Concrete | 49497.29 | 495 | 495 | 990 |
| 19 | Aalumparambu Thekkukadu Canal Road | 102437.775 | 1024 | 1024 | 2049 |
| 20 | Alumparambu Idavazhi Concrete | 89669.06 | 897 | 897 | 1793 |
| 21 | Pazhathara Kattil Side Protection | 293548.15 | 2935 | 2935 | 5871 |
| 22 | Anakodu Road Concrete | 164364.4 | 1644 | 1644 | 3287 |
| 23 | Kallamkadu Road Concrete | 224807.9 | 2248 | 2248 | 4496 |
| 24 | Lakshamveed Colony Road Concrete W9 | 77775.88 | 778 | 778 | 1556 |
| 25 | Koramparambu Road Concrete Reach 2 | 176462.44 | 1765 | 1765 | 3529 |
| 26 | Andhazhi Pallipadam Road Concrete | 414568.7 | 4146 | 4146 | 8291 |
| 27 | Pappani Road Concrete | 58908.11 | 589 | 589 | 1178 |
| 28 | Melepalipadm Side Protection | 29697.2 | 297 | 297 | 594 |
| 29 | Kallamkode Road Concrete | 90194.9 | 902 | 902 | 1804 |
| 30 | Mundiyankadu Road Concrete | 361867.35 | 3619 | 3619 | 7237 |
| 31 | Payyatamkunnu Anganawadi Road Concrete | 106847.02 | 1068 | 1068 | 2137 |
| 32 | Kavalodu Road Concrete | 91594.693 | 916 | 916 | 1832 |
| 33 | Kizhakemuri Idavazhi Road Concrete | 162965.075 | 1630 | 1630 | 3259 |
| 34 | Lakshamveed Colony Road Concrete | 241129.473 | 2411 | 2411 | 4823 |
| 35 | Muthukunni Idavazhi Concrete | 116710.953 | 1167 | 1167 | 2334 |
| 36 | Kadampidi Idavazhi Concrete | 134409.385 | 1344 | 1344 | 2688 |
| 37 | Muthukunni Andithara Road Concrete Reach 2 | 182398.555 | 1824 | 1824 | 3648 |
| 38 | Anganawadi Road Concrete | 61880.208 | 619 | 619 | 1238 |
| 39 | Vattompadam Kada Canal Road Concrete | 76056.663 | 761 | 761 | 1521 |
| 40 | Pazhiyodu Road Concrete | 97447.95 | 974 | 974 | 1949 |
| 41 | Kadampidi Nonnamkulam Road Concrete | 54662.9 | 547 | 547 | 1093 |
| 42 | Nonnamkulam Road Concrete | 96559 | 966 | 966 | 1931 |

| | | | | | |
|---|---|---|---|---|---|
| 43 | Nonnamkulam Ration Kada Road Concrete | 152273.9 | 1523 | 1523 | 3045 |
| 44 | Kallathani Idavazhi Road Concrete | 180427.59 | 1804 | 1804 | 3609 |
| 45 | Thudikodu Road Concrete Reach 2 | 106720.37 | 1067 | 1067 | 2134 |
| 46 | Rakkiyampadam Road Concrete | 91956.59 | 920 | 920 | 1839 |
| | TOTAL | 6679841.63 | 66798 | 66798 | 133596 |

ബിൽ തുക നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ സപ്ലൈയർക്ക് മുഴവൻ തുകയും അനുവദിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13&16/13.01.2023) ലഭ്യമായ മറുപടിയിൽ കരാറുകാരനിൽ നിന്ന് ഈടാക്കാൻ കത്തയച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കിയ തുക തൊട്ടടുത്ത മാസം ഒടുക്കേണ്ടതും റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ ഫൈൻ ബാധകമാണ്. ടി.ഡി.എസ് നടത്താതിരുന്നാൽ കരാറുകാരൻ കൈപ്പറ്റിയ തുകയ്ക്കുള്ള ജി.എസ്.ടി ഒടുക്കാതിരിക്കുവാൻ സാധ്യതയുണ്ട്. മാസങ്ങൾ കഴിഞ്ഞ് ടി.ഡി.എസ് ഒടുക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച മുഴവൻ തുകയ്ക്കുമുള്ള ജി.എസ്.ടി കരാറുകാരൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

### 1-22-3 MGNREGS-വ്യക്തിഗത മെറ്റീരിയൽ വർക്കുകൾ സ്റ്റോക്കിലെടുക്കൽ -മാസ്റ്റർ സർക്കുലറിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

06-01-2022 ൽ കേന്ദ്ര സർക്കാരിന്റെ Ministry Of Rural Development Department Of Rural Development പുറപ്പെടുവിച്ച ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകൾ വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേലാർകോട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കായി 110 മെറ്റീരിയൽ പ്രവൃത്തികൾക്കായി 1367466 രൂപ ചെലവഴിച്ചിട്ടുണ്ട്. സോക്ക്പിറ്റ് നിർമ്മാണം, കംപോസ്റ്റ് പിറ്റ് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, പശുത്തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കിണർ നിർമ്മാണം എന്നീ മേഖലകളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

പ്രവൃത്തികൾക്കാവശ്യമായ വസ്തുക്കൾ ഗുണഭോക്താക്കൾതന്നെ നേരിട്ട് വാങ്ങേണ്ടതും ലഭ്യമായ സാധനങ്ങൾ, ഉപയോഗിച്ചവ, ബാക്കിയുള്ളവ എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉപയോഗിച്ച മെറ്റീരിയലിനുമാത്രം തുക അനുവദിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ സർക്കുലറിലെ ഖ.7.1(o) പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

### 1-23 പഞ്ചായത്ത് ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

പതിനൊന്നിന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ലൈബ്രേറിയൻ തസ്തികയിൽ 10/06/1998 മുതൽ ശ്രീ ചന്ദ്രൻ എന്നയാളെ താത്കാലികമായി നിയമിച്ചിരുന്നു. ബഹു ഹൈക്കോടതിയുടെ 12/06/2017 ലെ WP(C)31247/2016 വിധിന്യായം, 11/10/2018 തീയതിയിലെ സ.ഉ(കൈ)നം.150/ 2018/LSGD എന്നിവ അനുസരിച്ച് ശ്രീ ചന്ദ്രനെ പാർട്ട് ടൈം ലൈബ്രേറിയനായി 16/04/2011 മുതൽ 5520-8400 ശമ്പള സ്കെയിലിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ആകെ പത്തിൽ താഴെ മെമ്പർമാർ മാത്രമാണ് ലൈബ്രറിയിൽ നിലവിലുള്ളതെന്ന് ലൈബ്രേറിയൻ

അറിയിച്ചിട്ടുണ്ട്. ലൈബ്രേറിയൻ ഹാജരാക്കിയ രേഖകൾ പ്രകാരം മെമ്പർഷിപ്പ് അഡ്മിഷൻ ഫീ ആയി 5/- രൂപയും സബ്സ്ക്രിപ്ഷൻ ഫീ 3/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. തൻവർഷം ഈ ഇനത്തിൽ വരവൊന്നുമില്ല. ലൈബ്രറിയിൽ ആകെ 2586 പുസ്തകങ്ങൾ നിലവിലുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം പുതിയ പുസ്തകങ്ങളൊന്നും വാങ്ങി നൽകിയിട്ടില്ല.

ലൈബ്രറിയനെ സ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ കൂടുതൽ മെമ്പർമാരെ ചേർക്കുവാനും പുതിയ പുസ്തകങ്ങൾ വാങ്ങി നൽകി ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും നടപടികളെടുക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 13/13.01.2023)

## 1-24 ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ചെയ്തില്ല

അങ്കണവാടി പോഷകാഹാരം എന്ന പേരിൽ രണ്ട് പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 21/22- അങ്കണവാടി പോഷകാഹാരം(ജനറൽ) | 3000800 (800000- വികസന ഫണ്ട് ജനറൽ +1500000- ധനകാര്യകമ്മീഷൻ ഗ്രാന്റ് + 700000- കേന്ദ്രാവിഷ്കൃതം + 800 – തനത് ഫണ്ട്) | 2505814 (800000- വികസന ഫണ്ട് ജനറൽ + 1496141 - ധനകാര്യകമ്മീഷൻ ഗ്രാന്റ് + 209673- കേന്ദ്രാവിഷ്കൃതം) |
| 24/22-അങ്കണവാടി പോഷകാഹാരം (എസ്.സി) | 1000000 (500000- വികസന ഫണ്ട് SCP + 500000- കേന്ദ്രാവിഷ്കൃതം) | 500000- വികസന ഫണ്ട് SCP |

മേൽ പ്രോജക്ടുകൾ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി തുക ചെലവഴിച്ചതിൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം ഹരിത കുടുംബശ്രീ യൂണിറ്റ്, വലതല എന്ന സ്ഥാപനത്തിന് ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക | ബിൽ നം. / തീയതി |
|---|---|---|---|
| 1 | 1139/03-05-21 | 136342 | 1/09-07-21 |
| 2 | 1146/01-06-21 | 116424 | |
| 3 | 1175/29-10-21 | 120834 | 6/16-11-21 |
| 4 | 1159/31-07-21 | 146038 | 22100565/26-10 |
| 5 | 1165/01-09-21 | 122818 | |
| 6 | 1185/30-12-21 | 145347 | 22101138/19-03-22 |
| 7 | 1191/28-01-22 | 124142 | |
| 8 | 1202/26-02-22 | 145090 | |
| 9 | 1151/30-06-21 | 143032 | 2/09-07-21 |
| 10 | 1170/29-09-21 | 148433 | 3/29-09-21 |
| 11 | 1180/29-11-21 | 142773 | 9/27-12-21 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ക്രമ നം. 6,7,8 എന്നീ

ഇൻവോയ്സുകൾ ഒഴികെ മറ്റുള്ളവയുടെ കാര്യത്തിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും ഹരിത കുടുംബശ്രീ എന്ന സ്ഥാപനത്തിന് (GST No. 32AAHFH3926M1Z9) നൽകിയിട്ടുണ്ട്. എല്ലാ ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 8/13-01-23 മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ചില സാങ്കേതിക കാരണങ്ങളാൽ ആദ്യ മാസങ്ങളിൽ ജി.എസ്.ടി ടി.ഡി.എസ് ചെയ്യാൻ കഴിഞ്ഞില്ല എന്നും മാർച്ച് മാസത്തിൽ എല്ലാ ബില്ലുകളിൽ നിന്നുമുള്ള ജി.എസ്.ടി തുക ഒരുമിച്ച് കുറവു ചെയ്ത ശേഷം ബാക്കി തുകയാണ് അനുവദിച്ചതെന്നും അറിയിച്ചു.

കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമുള്ള വാങ്ങലുകൾ നടത്തുമ്പോൾ ഓരോ ബില്ലിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്തതിന് ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന നിർമ്മാണ പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ I & II

| പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 96/22-ലൈഫ് ഭവന പദ്ധതി (ജനറൽ) സർക്കിൾ -1 | 20000000 (480000 – വികസന ഫണ്ട് ജനറൽ, 5000000 –സംസ്ഥാനാവിഷ്കൃത ഫണ്ട്, 1520000 - മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം, 1000000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1000000- ജില്ലാ പഞ്ചായത്ത് വിഹിതം, 11000000- KURDFC ലോൺ ) | 940000 (58326- വികസന ഫണ്ട് ജനറൽ, 500000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 141674 - ജില്ലാ പഞ്ചായത്ത് വിഹിതം, 240000 - KURDFC ലോൺ) |
| 121/22-ലൈഫ് ഭവന പദ്ധതി (ജനറൽ) സർക്കിൾ -2 | 13090000 (490000- വികസന ഫണ്ട് ജനറൽ, 5000000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 800000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 800000- ജില്ലാ പഞ്ചായത്ത് വിഹിതം, 6000000- KURDFC ലോൺ) | 1260000(160000- വികസന ഫണ്ട് ജനറൽ, 200000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 620000- ജില്ലാ പഞ്ചായത്ത് വിഹിതം, 280000- KURDFC ലോൺ) |
| 91/22-ലൈഫ് ഭവന പദ്ധതി (എസ്.സി) | 22220000 (3420000- വികസന ഫണ്ട് SCP, 3200000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 40000- മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം, 4800000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 4800000- ജില്ലാ പഞ്ചായത്ത് വിഹിതം, 5960000- KURDFC ലോൺ) | 5160000 ( 3420000- വികസന ഫണ്ട് SCP, 1100000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 40000- മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം, 432965- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 167035- ജില്ലാ പഞ്ചായത്ത് വിഹിതം) |

ലൈഫ് ഫേസ് 2

ഭവന നിർമ്മാണം രണ്ടാം ഘട്ടത്തിൽ ആകെ 127 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചിട്ടുള്ളതിൽ എല്ലാവരുടേയും ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

ലൈഫ് ഫേസ് 3

ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെടുകയും പിന്നീട് ഭൂമി ലഭിക്കുകയും ചെയ്ത 11 (ജനറൽ- 7, എസ്.സി-4) ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 8 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഫേസ് 2A – SC, ST അഡീഷണൽ ലിസ്റ്റ്

22 പേർ എഗ്രിമെന്റ് വച്ചതിൽ 12 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി.

ഫേസ്2A, ഫേസ് 3 എന്നിവയിലായി എഗ്രിമെന്റ് വെച്ച് ഭാഗികമായി തുക കൈപ്പറ്റുകയും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | വിജയകുമാരി W/o ചന്ദ്രൻ, നടക്കാവ്, ചേരാമംഗലം | 360000 | മെയിൻ വാർപ്പ് പൂർത്തീകരിച്ചു. |
| 2 | കല്യാണി W/o കുഞ്ചൻ(L), ഹരിജൻ കോളനി, തെക്കേത്തറ | 360000 | മെയിൻ വാർപ്പ് പൂർത്തീകരിച്ചു. |
| 3 | അനിത W/o ശിവദാസ്, പാലപ്പറമ്പിൽ, നെന്മാറ | 200000 | ബേസ്മെന്റ് |
| 4 | കണ്ണൻ.കെ S/o കുഞ്ചൻ, കല്ലങ്കാട്, കിളിയല്ലൂർ | 200000 | ബേസ്മെന്റ് |
| 5 | രാജേന്ദ്രൻ S/o ചന്ദ്രൻ, എരട്ടകുളം, മേലാർകോട് | 300000 | ലിന്റൽ വരെ പൂർത്തിയായി. |
| 6 | സുമതി W/o ശശി, കല്ലങ്കാട്, കിളിയല്ലൂർ | 360000 | മേൽക്കൂര പൂർത്തിയായി. |
| 7 | അമ്പിളി W/o രമേഷ്, എടക്കാട്, ചിറ്റിലഞ്ചേരി | 200000 | ലിന്റൽ വരെ പൂർത്തിയായി. |
| 8 | ഷൈലജ W/o ശശിധരൻ, അരക്കുന്നി, ചിറ്റിലഞ്ചേരി | 360000 | മെയിൻ വാർപ്പ് പൂർത്തീകരിച്ചു. |
| 9 | പ്രിയ D/o ചാമിയാർ, പൂക്കുറിശ്ശി, മേലാർകോട് | 360000 | മെയിൻ വാർപ്പ് പൂർത്തീകരിച്ചു. |
| 10 | മിനി.സി D/o തങ്ക, പനമ്പഴക്കാട് | 300000 | ലിന്റൽ വരെ പൂർത്തിയായി. |
| 11 | മഞ്ജു.സി D/o ചന്ദ്രൻ, പനമ്പഴക്കാട്, പഴതറ | 360000 | മെയിൻ വാർപ്പ് പൂർത്തീകരിച്ചു. |
| 12 | ജയന്തി W/o വിനു, കോരാംപറമ്പ്, കിളിയല്ലൂർ | 40000 | ബേസ്മെന്റ് |
| 13 | ജാനകി W/o ശിശുപാലൻ, | 360000 | മെയിൻ വാർപ്പ് പൂർത്തീകരിച്ചു. |

| | പാലത്തോണി | | |
|---|---|---|---|

മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ ക്രമ നം. 3, 4 പ്രകാരമുള്ള ഗുണഭോക്താക്കൾ 200000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ബേസ്മെന്റ് വരെ മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം മൂലമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്ന് വിലയിരുത്തുന്നു. പട്ടികയിൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി മോണിറ്റർ ചെയ്യേണ്ടതും നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/13-01-23)

## 1-26 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി

പ്രോജക്ട് - 18/22, എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 595800 (വികസന ഫണ്ട് SCP)

ചെലവ് - 595800 രൂപ

ബിൽ നം. 9/15-02-22

120 സ്റ്റീൽ ടേബിളും കസേരയും ആർട്ട്കോ എന്ന ഏജൻസിയിൽ നിന്നും താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള മേശയും കസേരയും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ടാക്സ് ഇൻവോയ്സ് നം. KKD20/07-02-22

Steel Table With 3 Drawer/One Drawer And Cupboard On Right Side With Novapan Top 36*18*30(22G)12kg – 120 എണ്ണം

Steel Chair – 120 എണ്ണം

ബിൽ തുകയായ 595800 രൂപയിൽ 10100 രൂപ ജി.എസ്.ടി ടി.ഡി.എസ് ചെയ്തതിനു ശേഷം ബാക്കിയുള്ള 585700 രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല. അഞ്ചു ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾ നടത്തുമ്പോൾ ഇ-ടെണ്ടർ നടത്തേണ്ടതാണ് എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ഫർണീച്ചറുകൾ നേരിട്ട് ആർട്ട്കോയിൽ നിന്നും വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 16/16-01-23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

വ്യക്തമായ മറുപടി ലഭ്യമാക്കുന്നതുവരെ തുക 595800 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതും വാങ്ങലിൽ ലാഭവും സുതാര്യതയും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-27 എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് – നമ്പർ.30/22, വിവിധ എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ

അടങ്കൽ - 54067 ( വികസന ഫണ്ട് – SCP)

ചെലവ് - 5664
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി
ബിൽ നം. - 13/26-03-22

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ ഇലക്ട്രിക് പോസ്റ്റുകൾക്കിടയിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കുന്നതിനായി 5664 രൂപ കെ.എസ്.ഇ.ബി കുനിശ്ശേരി സെക്ഷന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/16-01-23) മറുപടി ലഭ്യമായില്ല.

കെ.എസ്.ഇ.ബി യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം- പ്രവർത്തനം വിലയിരുത്തൽ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 47.43 ച.മീ വിസ്തൃതിയുള്ള എം.സി.എഫ് ന് 775000 രൂപ വകയിരുത്തിയിട്ടുള്ളത്. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയിൽ ഭേദഗതി വരുത്താമെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. നിർദ്ദേശങ്ങൾ എത്രത്തോളം പാലിക്കപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### എം.സി.എഫ് സംവിധാനം

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി സൂക്ഷിക്കുന്നതിന് സ്ഥിരം എം.സി.എഫ് കെട്ടിടം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നിർമ്മിച്ചിട്ടില്ല. 2021-22 വർഷത്തിൽ കേന്ദ്രാവിഷ്കൃത ഫണ്ട് 15 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും എം.സി.എസ് പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടന്നില്ല. ഹരിതകർമ്മേസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നിലവിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനോട് ചേർന്നുള്ള പട്ടികജാതി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിന് മുകളിൽ ചാക്കുകളിലാക്കി സൂക്ഷിക്കുകയാണ്. മതിയായ സൗകര്യങ്ങളോ സുരക്ഷാ സംവിധാനങ്ങളോ ഒന്നും ഇല്ലാതെയാണ് പ്ലാസ്റ്റിക് മാലിന്യം ഇവിടെ സൂക്ഷിച്ചു വരുന്നത്. എം.സി.എഫ് കെട്ടിടനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

### ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഡിസംബർ 2020 ൽ പ്രവർത്തനം ആരംഭിച്ച ഹരിതകർമ്മസേനയിൽ 16 വാർഡുകളിലായി 30 അംഗങ്ങളാണ് നിലവിലുള്ളത്. 28.07.2021 ലെ 9(15) നം. തീരുമാനം പ്രകാരം പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി അംഗീകരിച്ച് അന്തിമമാക്കിയിട്ടുണ്ട്. വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും ആണ് യൂസർ ഫീ ഈടാക്കി വരുന്നത്. ഏകദേശം 8600 വീടുകളും 200 ൽ അധികം വാണിജ്യ സ്ഥാപനങ്ങളും ഉള്ളതിൽ 50% ൽ താഴെ വീടുകളിൽ നിന്നും കടകളിൽ നിന്നുമാണ് യൂസർ ഫീ ലഭ്യമാകുന്നത്. പ്രതിമാസം ശരാശരി 130000 രൂപയാണ് നിലവിൽ യൂസർഫീ ഇനത്തിൽ ലഭ്യമാകുന്നതെന്ന് ഹരിതകർമ്മസേനാംഗങ്ങൾ

അറിയിച്ചു. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് സേനാംഗങ്ങളുടെ വേതനം കണ്ടെത്തുന്നത്. 2021-22 വർഷത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി 128700 രൂപ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും വി.ജി.എഫ് പിൻവലിച്ച് ഹരിതകർമ്മസേനയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചതിനുശേഷമാണ് വിതരണം ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. തുക അതാത് അംഗങ്ങളുടെ അക്കൌണ്ടിലേക്ക് രേഖകളുടെ പിൻബലത്തിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പേരിൽ ധനലക്ഷ്മി ബാങ്ക് ചിറ്റിലഞ്ചേരി ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം. 010800100122288) 14-12-2022 ലെ നീക്കിയിരിപ്പ് 162558 രൂപയാണ്.

മാലിന്യം കയ്യൊഴിക്ക ൽ

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മാലിന്യം കൊണ്ടുപോകുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാർ നിലവിലുണ്ട്. 2022 ഡിസംബറിൽ 1180 കി.ഗ്രാം അജൈവ മാലിന്യം കൊണ്ടുപോയതിന്റെ തുക ക്ലീൻ കേരളയിൽ നിന്നും ലഭിക്കാനുള്ളതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കേണ്ടതും കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യം കയ്യൊഴിക്കേണ്ടതുമാണ്.

ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം

ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി IRTC മുണ്ടൂർ എന്ന സ്ഥാപനത്തെ ഹരിതസഹായ സ്ഥാപനമായി നിശ്ചയിച്ചുകൊണ്ട് IRTC യുമായി 18-09-21 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തൻവർഷം പ്രസ്തുത സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീ ആയി 143134 രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം കരാർ വ്യവസ്ഥകൾ പ്രകാരം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല

2021-22 സാമ്പത്തിക വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി ഗ്ലൗസ്, മാസ്ക് തുടങ്ങി വിവിധ സാമഗ്രികൾ വാങ്ങുന്നതിനായി 73120 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ശേഖരിച്ച് സംഭരണ സ്ഥലത്ത് എത്തിക്കുന്നതിനായി ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം ലഭ്യമാക്കിയിട്ടില്ല. നിലവിൽ സേനാംഗങ്ങളുടെ കൈയിൽ നിന്നും തുക ചെലവഴിച്ചാണ് വാഹനം വാടകയ്ക്ക് എടുക്കുന്നതെന്നും മാലിന്യം ശേഖരിച്ച് വയ്ക്കുന്നതിനുള്ള ചാക്കുകളും ആവശ്യാനുസരണം ലഭ്യമല്ല എന്നും ഹരിതകർമ്മസേനാംഗങ്ങൾ നേരിട്ട് അറിയിച്ചു. മാലിന്യം സംഭരിച്ചു വയ്ക്കുന്നതിനും വേർതിരിക്കുന്നതിനുമുള്ള നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം ഫലപ്രദമല്ല.

ഹരിതകർമ്മസേനയുടെ മേൽനോട്ടച്ചുമതല

ജി.ഒ(ആർ.ടി)നം.2307/2020/എൽ.എസ്.ജി.ഡി തി. 16-12-20 പ്രകാരം മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ജി.ഒ(ആർ.ടി)നം.949/2021/ എൽ.എസ്.ജി.ഡി തി. 05-05-21 പ്രകാരം പ്രസ്തുത പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിപുലീകരിച്ച് സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി) നം.880/2021/എൽ.എസ്.ജി.ഡി തി. 16-04-21 പ്രകാരം ഗ്രമപഞ്ചായത്തിന്റെ ഉത്തരവാദിത്തങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയുടേയും മാലിന്യ

സംസ്കരണ പ്രവർത്തനങ്ങളുടെയും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ മേൽ ഉത്തരവുകൾ പ്രകാരം തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

എം.സി.എഫ് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം ഫലപ്രദമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കേണ്ടതാണ്.

വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്ന വി.ജി.എഫ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
നിലവിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി ആരോഗ്യം-വിദ്യാഭ്യാസം, വികസനം സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഭരണസമിതിയുടേയും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.11/13-01-23) മറുപടി ലഭ്യമായില്ല.
തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-29 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 35/22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ
അടങ്കൽ - 200000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം)
ചെലവ് - 200000 രൂപ
ബിൽ നമ്പർ - 1/21-22 തീയതി 4-02-2022

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം PF-1376/17-01-2022 നം. പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 2,00,000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (HOMCO) നൽകിയിട്ടുണ്ട് (A/c No. 34306403911). രേഖകൾ പരിശോധിച്ചതിൽ നാളിതുവരെ 114934/- രൂപയുടെ മരുന്നുകളാണ് (LF-1146 തീ 26-11-2022 പ്രകാരം) ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള (85066/- രൂപ) മരുന്നുകൾ ലഭ്യമായിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 3/12-1-2023 നുള്ള മറുപടിയിൽ ബാക്കി 85066/- രൂപയുടെ മരുന്നുകൾ താമസംവിനാ ലഭ്യമാക്കുന്നതാണെന്ന് ഹോംകോ അറിയിച്ചതായും മരുന്നുകൾ ലഭ്യമായാൽ ഉടനെ വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബാക്കി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 130 പ്രവൃത്തികളിൽ 102 എണ്ണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ 2.79 കോടി രൂപയിൽ 1.93 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 69% ആണ് തൻവർഷത്തെ ചെലവ്.

എ. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച 60% പ്രോജക്ടുകൾ റോഡ് പ്രവൃത്തികൾക്കും 14% കെട്ടിടങ്ങൾക്കും 18% കുടിവെള്ള പദ്ധതികൾക്കും 8% മറ്റ് പ്രവൃത്തികൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്.

ബി. രേഖകളുടെ സൂക്ഷിപ്പ്

2012 ലെ PWD മാന്വൽ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ഫോറം പുതുക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കാതെയാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

കാലാവധി ദീർഘിപ്പിച്ച നൽകിയ പ്രവൃത്തികളുടെ ഫയലിൽ കരാറുകാരിൽ നിന്നുള്ള അപേക്ഷ അസി.എഞ്ചിനിയറുടെ ശുപാർശ മുതലായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ടാറിംഗ് പ്രവർത്തികൾ ഉൾപ്പെടുന്ന വിവിധ ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയായി ജി.എസ്.ടി ഉൾപ്പെടെയുള്ള തുക കുറവു ചെയ്ത് തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ബാധകമായ ഹെഡിൽ ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

സി) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

തൻവർഷത്തെ മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | അലോട്ട് മെന്റ് | ചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 24616000 | 12131994 | 12484006 | 49 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6329052 | 5823724 | 505328 | 92 |
| ആകെ | 30945052 | 17955718 | 12989334 | 58 |

പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ 58% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. റോഡ് നവീകരണത്തിനായി ലഭ്യമായ തുകയിൽ 1.29 കോടി രൂപ ലാപ്സ് ആയി പോയത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

ജി.ഒ(എം.എസ്)നം.330/2004/തസ്വഭവ തിയതി 9-12-2004 പ്രകാരം പൊതു ആവശ്യ ഗ്രാന്റ്-മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയും സ.ഉ(എം.എസ്)നം.300/2010/ തസ്വഭവ തിയതി 10-12-2010 പ്രകാരം അധിക മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അങ്കണവാടികളുടെ നവീകരണത്തിന് മൂന്നാമത്തെ മുൻഗണന നൽകേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച വിവിധ പ്രോജക്ടുകൾ പ്രകാരം 2021-22 വർഷത്തിൽ അങ്കണവാടികൾക്കാവശ്യമായ ബുക്ക് ഷെൽഫുകൾ, ചെയറുകൾ മുതലായവ വാങ്ങുന്നതിനാണ് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത്.

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊ.നം.137/33 പ്രകാരം 119912 രൂപയും പ്രൊ.നം. 10/22 പ്രകാരം 375000 രൂപയും പ്രൊ.നം. 9/22 പ്രകാരം 476870 രൂപയും ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ മോട്ടോർ റിപ്പയറിനായി പ്രൊ.നം. 8/22 പ്രകാരം 197098രൂപയും പ്രൊ.നം. 175/22 പ്രകാരം 54030 രൂപയും ചെലവഴിച്ചിട്ടുള്ളതായി കണ്ടെത്തി. മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിക്കരുതെന്ന മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

2. കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് ആവശ്യമായ രേഖകൾ സൂഷിക്കേണ്ടതാണ്.

3. പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

4. കളക്ഷൻ ഇനത്തിൽ ചെലവ് ഇല്ലാത്തതിനാൽ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഈടാക്കുന്ന കളക്ഷൻ ചാർജ് ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

5. ടാർ ബാരലുകളുടെ വിലയായി ഈടാക്കിയ തുകയുടെ ജി.എസ്.ടി ഒടുക്ക് ഉറപ്പുവരുത്തേണ്ടതാണ്.

6. ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് മുൻഗണന നിശ്ചയിച്ച് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

1-31 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല

2011 ലെ കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അത്തരത്തിൽ രണ്ടു തവണ ദീർഘിപ്പിച്ചു നൽകാവുന്നതും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമല്ല. PWD മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നൽകുകയോ അസി. എഞ്ചിനിയർ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടേയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു.

എ.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | PAC | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ (രൂപ) | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 88/21-കുളമുച്ചി-ചേരാമംഗലം റോഡ് വീതി കൂട്ടൽ-ടാറിംഗ്<br>അടങ്കൽ - 475000(MG-Road)<br>കരാറുകാരൻ - ശ്രീ.സി.കെ.സാബു<br>എഗ്രിമെന്റ് നം.: | 424293 | 5-12-21<br>(8 + 6 മാസം) (*) | 19-3-22 | 1370 | 12729<br>(3% Of PAC) | 11359 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 91/6-10-20<br>എം.ബി -91 & 91(3)/20-21<br>ചെലവ് - 461544 (ബിൽ നം. 8/4-8-21-308127 & 62/27-3-22-153417) | | | | | | |
| | (*) കോവിഡ് സാഹചര്യം കണക്കിലെടുത്ത് സ.ഉ(സാധാ)നം.1444/ 2021/ തസ്വഭവ തിയതി 31-07-2021 പ്രകാരം പിഴ കൂടാതെ ആറുമാസം കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 3% (1%+2%) പിഴ ബാധകമാണ്. | | | | | | |
| 2 | 158/20-ചെറുതോട് കനാൽ പാലം വീതി കൂട്ടൽ<br>അടങ്കൽ - 300000(MG-Road)<br>കരാറുകാരൻ - ശ്രീ.ഹക്കീം.കെ<br>എഗ്രിമെന്റ് നം.: 103/21-11-2019<br>എം.ബി -103/19-20<br>ചെലവ് - 297800 (ബിൽ നം. 13/2-8-21) | 299884 | 20-1-21<br>(8 + 6 മാസം) (*) | 23-3-21 | 2659 | 2999<br>(1% Of PAC) | 340 |
| | (*) കോവിഡ് സാഹചര്യം കണക്കിലെടുത്ത് സ.ഉ(സാധാ)നം.1444/ 2021/ തസ്വഭവ തിയതി 31-07-2021 പ്രകാരം പിഴ കൂടാതെ ആറുമാസം കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 1% പിഴ ബാധകമാണ്. | | | | | | |
| 3 | 150/22-ചീനാമ്പുഴ തോട്ടിൽ കൾവർട്ട് നിർമ്മാണം<br>അടങ്കൽ - 250000(Plan-General)<br>കരാറുകാരൻ - ശ്രീ.രാമചന്ദ്രൻ.വി<br>എഗ്രിമെന്റ് നം.: 61/28-9-2020<br>എം.ബി 49 & 49(1)/2021<br>ചെലവ് - 248835 (ബിൽ നം. 19/15-12-21) | 249548 | 27-5-21<br>(8 + 6 മാസം) (*) | 29-10-21 | 0 | 7486<br>(3% Of PAC) | 7486 |
| | (*) കോവിഡ് സാഹചര്യം കണക്കിലെടുത്ത് സ.ഉ(സാധാ)നം.1444/ 2021/ തസ്വഭവ തിയതി 31-07-2021 പ്രകാരം പിഴ കൂടാതെ ആറുമാസം കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 3% (1%+2%) പിഴ ബാധകമാണ്. | | | | | | |

ആകെ – 19185 രൂപ

പിഴ ഈടാക്കാതെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നം. 7(5)/12-01-2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല.

കരാറുകാരിൽ നിന്നു പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-32 ടേക്ക് എ-ബ്രേക് പദ്ധതി - ടോയ്‌ലറ്റ് ബ്ലോക്ക് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പൂർത്തീകരിച്ചില്ല

പ്രൊ.നം. 281/22-ടേക്ക് എ-ബ്രേക് പദ്ധതി - ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ

അടങ്കൽ - 654551 രൂ (കേന്ദ്രാവിഷ്കൃതം)
കരാറുകാരൻ - ശ്രീ.ദേവദാസൻ.എൻ

അളവു പുസ്തകം നം. 111 & 112/20-21

എഗ്രിമെന്റ് നം. 111/27-8-21

ചെലവ് - 623516 (വൗച്ചർ നം. 22101177/30-3-22)

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത, സംസ്ഥാന പാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുതിയ നിർമ്മിതികൾ 31-12-2020 നകം പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

മേലാർകോട് ഗ്രാമപഞ്ചായത്തിൽ സംസ്ഥാന പാതയോരത്ത് ശുചിമുറി നിർമ്മിക്കുന്നതിനായി തൻവർഷം ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം കെട്ടിട നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. സെപ്റ്റിക് ടാങ്ക്, വാട്ടർ ടാങ്ക്, വൈദ്യുതീകരണം മുതലായ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.
ടോയ്‌ലറ്റ് കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കുന്നതിനും ടൈൽസ് പാകുന്നതിനുമായി ആവിഷ്കരിച്ച പ്രോജക്ട് നം. 215/22 പ്രകാരം സി.എഫ്.സി യിൽ നിന്നും മൂന്ന് ലക്ഷം രൂപ വകയിരുത്തുകയും 105096 രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ജലലഭ്യത ഇല്ലാത്തതിനാൽ തുടർ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല.

നിർദ്ദിഷ്ട ശുചിമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 7(1)/12-1-2023 ന് മറുപടി ലഭ്യമായില്ല.

നിശ്ചിത ലക്ഷ്യം മുൻനിർത്തി സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കേണ്ടിയിരുന്ന ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന സൗകര്യങ്ങൾ ലഭിക്കാതെ അവശേഷിക്കുകയാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-33 അസി.എഞ്ചിനിയറുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസി.എഞ്ചിനിയറുടെ പേരിൽ SBI അക്കൌണ്ടിൽ (നം.37262999236) 1-8-2022 ന് 158668 രൂപ നീക്കിയിരിപ്പുള്ളതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. അക്കൌണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 7(3)/12-01-2023 ന് മറുപടി ലഭ്യമായില്ല.

തുക തനത് ഫണ്ടിലേക്ക് മാറ്റി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ടാറിംഗ് പ്രവൃത്തികളുടെ ബാരലിന്റെ വിലയൊടൊപ്പം ഈടാക്കിയ ജി.എസ്.ടി

ഒടുക്കിയില്ല

2021-22 വർഷത്തിൽ പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ടാർ ബാരലുകളുടെ വിലയായി ഈടാക്കിയ തുക 109,893 രൂപ (ബാരൽ ഒന്നിന് ജി.എസ്.ടി ഉൾപ്പെടെ 295 രൂപ വീതം) തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം നം. 7(4)/12-01-2023 ന് മറുപടി ലഭ്യമായില്ല.
ആയത് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനിവാര്യ ചുമതലയുടെ ഭാഗമായുള്ള പൂർണ്ണ സേവനത്തിന് ജി.എസ്.ടി നൽകി

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 1 മുതൽ 16 വരെയുള്ള വാർഡുകളിലെ സ്ട്രീറ്റ്ലൈറ്റ് റിപ്പയറിനുള്ള സർവീസ് ചാർജ് നൽകുന്ന പ്രോജക്ട് പ്രകാരം ക്ഷണിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ പി.എസ്.വെങ്കിട്ടരമണൻ, പെരുങ്കുളത്തിന്റെ ടെണ്ടർ 24/06/21 തിയ്യതിയിലെ ഭരണ സമിതി തീരുമാനം നം. 9(3) പ്രകാരം ഉറപ്പിച്ചു നൽകിയിട്ടുണ്ട്.

പ്രോജക്ട് നം. - 10/22 (MG-Non Road)

അടങ്കൽ- 375000/-

ചെലവ് തുക- 375000/-

എഗ്രിമെന്റ് നം., തിയ്യതി-4/2021-22, 24.06.21

| ക്രമ നം. | ബിൽ നം., തിയ്യതി | ബിൽ തുക |
|---|---|---|
| 1 | 22/09.09.21 | 67375/- |
| 2 | 28/27.10.21 | 101325/- |
| 3 | 36/23.12.21 | 29600/- |
| 4 | 40/10.01.22 | 34000/- |
| 5 | 46/10.02.22 | 53950/- |
| 6 | 52/23.02.22 | 31175/- |
| 7 | 62/19.03.22 | 51450/- |
| 8 | 67/22.03.22 | 6125/- |
| ആകെ | | 375000/- |

ആകെ ജി.എസ്.ടി.യായി കണക്കാക്കിയിരിക്കുന്നത് 54458 രൂപയാണ്. ചെലവ് തുകയായ 375000 രൂപയിൽ 8606 രൂപ ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കി ഒടുക്കിയിട്ടുണ്ട്. ബാക്കി ജി.എസ്.ടി തുകയായ 45852 രൂപ ബിൽ തുകയോടൊപ്പം കരാറുകാരന് നൽകിയിട്ടുണ്ട്.

2017 ലെ സി.ജി.എസ്.ടി/എസ്.ജി.എസ്.ടി ആക്ടിലെ സെക്ഷൻ 11(1) പ്രകാരം സർക്കാരിന് ഒരു വിജ്ഞാപനം വഴി ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം സാധനങ്ങളേയും സേവനങ്ങളേയും നികുതിയിൽ നിന്നും ഒഴിവാക്കി നൽകാവുന്നതാണ്. ആയത് പ്രകാരം കേന്ദ്ര വിജ്ഞാപനം നം. 12/2017-Central Tax(Rate) തിയതി 28-06-2017, സംസ്ഥാന സർക്കാരിന്റെ വിജ്ഞാപനം നം. S.R.O No.371/2017 തിയതി 30-06-2017 പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒരു പഞ്ചായത്തിന്റെ

ചുമതലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന് നൽകുന്ന പൂർണ്ണസേവനങ്ങളെ(Pure Services) ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
നിർമ്മാണ പ്രവൃത്തി അല്ലാത്ത സ്ട്രീറ്റ് ലൈറ്റ് റിപ്പയറിന് KCWWF ഈടാക്കേണ്ടിയിരുന്നില്ല.
ഗ്രാമപഞ്ചായത്തിന്റെ ചുമതലയുടെ ഭാഗമായ തെരുവ് വിളക്ക് പരിപാലനം എന്ന സേവന പ്രവൃത്തിയിൽ സാധനങ്ങളുടെ സപ്ലൈ ഇല്ലാതിരുന്നതിനാൽ പൂർണ്ണസേവനമായി പരിഗണിക്കേണ്ടതായിരുന്നു. ആയതിന് ജി.എസ്.ടി ബാധകമല്ലാതിരുന്നിട്ടും ജി.എസ്.ടി കണക്കാക്കി ബിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ ജി.എസ്.ടി ഇനത്തിൽ ചെലവായ 54458 രൂപ (8606+45852) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ വിതരണക്കാരനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം ന. 4(3)/12-1-2023 ന് മറുപടി ലഭ്യമായില്ല).

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 9-1-2023 മുതൽ 16-1-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നെന്മാറ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 83333 | സ്കോളർഷിപ്പ് | 63790 | 19543 |
| | 2018-19 | 2139 | CNC റോഡ് നവീകരണം | 0 | 2139 |
| | | 16925 | തെക്കുംപുറം റോഡ് നവീകരണം | 0 | 16925 |
| | | 48111 | പാലിയേറ്റീവ് | 38313 | 9798 |

| | | | | | |
|---|---|---|---|---|---|
| | | | കെയർ | | |
| | | 59158 | ലൈഫ്-എസ്.സി | 59158 | 0 |
| | 2019-20 | 367350 | ലൈഫ്-എസ്.സി | 367350 | 0 |
| | 2019-20 | 780570 (**) | നെൽകൃഷിക്ക് കൂലിച്ചെലവ് | 0 | 780570 (**) |
| | 2021-22 | 975000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 975000 | 0 |
| | | 179425 | പാലിയേറ്റീവ് കെയർ | 179425 | 0 |
| | | 240620 | ഭിന്നശേഷി സ്കോളർഷിപ്പ് | 240620 | 0 |
| | | 6457 | ലൈഫ്-എസ്.സി | 6457 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 77035 | ലൈഫ്-എസ്.സി | 77035 | 0 |
| | 2019-20 | 761674 | ലൈഫ്-ജനറൽ | 761674 | 0 |
| | 2021-22 | 930000 | നെൽകൃഷി കൂലിച്ചെലവ് | 930000 | 0 |
| | | 141674 | ലൈഫ്-ജനറൽ | 141674 | 0 |
| | | 300000 | സ്കോളർഷിപ്പ് | 300000 | 0 |
| | | 80000 | പാലിന് സബ്സിഡി | 80000 | 0 |
| | | 167035 | ലൈഫ് എസ്.സി | 167035 | 0 |
| | | 620000 | ലൈഫ് ജനറൽ | 620000 | 0 |

കുറിപ്പ്:

(*) ബ്ലോക്ക് ഷെയർ: മുൻ റിപ്പോർട്ടിൽ ഉൾപ്പെടാത്ത തുക ബാലൻസ് ഷീറ്റ് B4 ൽ ബാധ്യതായി കാണിച്ചിട്ടില്ലെങ്കിലും ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരവും ലഭ്യമായ രേഖകൾ പ്രകാരവും നീക്കിയിരിപ്പ് 828975 രൂപയാണ്. എന്നാൽ B4 പ്രകാരം 390359 രൂപയാണ്. ട്രഷറി അക്കൗണ്ടിലെ (799011400003163) നീക്കിയിരിപ്പ് 850204 രൂപയാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB, നെന്മാറ | 189/22-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 7 ബില്ലുകൾ പ്രകാരം സി.എഫ്.സി യിൽ നിന്നും അനുവദിച്ചത് | 497884 | യു.സി ലഭ്യമായി. തുകയൊന്നും ബാക്കിയില്ല. |
| | 200/22-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ | 55/24-2-22 | 121186 | 0 |
| | | 56/9-3-22 | 17936 | 0 |
| | | 59/14-3-22 | 93208 | 0 |

| | | | | |
|---|---|---|---|---|
| | വലിക്കൽ | 63/19-3-22 | 10620 | 0 |
| | | 71/26-3-22 | 33866 | 0 |
| | | 72/26-3-22 | 609092 | 0 |
| | | 73/26-3-22 | 660183 | യു.സി ലഭ്യമായില്ല |
| KSEB, കുനിശ്ശേരി | 30/22-വിവിധ SC കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 13/26-3-2022 | 5664 | യു.സി ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 23334667 | 380000 | 23714667 | 2302667 | - | 21412000 (*) |

(*) വാർഷിക കണക്ക് പ്രകാരം HUDCO വായ്പ ഇനത്തിൽ (330500202) 380000 രൂപയാണ് വരവുള്ളത്. വാർഷിക കണക്കിലെ മുന്നിരിപ്പ്, വരവ്, തിരിച്ചടവ് (സെക്രട്ടറിയുടെ വിവിധ പ്രോജക്ടുകൾ പ്രകാരം) എന്നിവ പരിഗണിക്കുമ്പോൾ നീക്കിയിരിപ്പായി കിട്ടേണ്ട തുക 21412000 രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂൾ പ്രകാരം ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 27906108 രൂപയാണ്.

ലെഡ്ജർ പ്രകാരം 330500202 എന്ന ഹെഡിൽ 4191441 രൂപ KURDFC വായ്പ ഇനത്തിൽ വരവായി കാണിച്ചിട്ടുണ്ടെങ്കിലും AFS ൽ ഇതേ ഹെഡിലെ വരവ് പൂജ്യമാണ്. വിശദമായ പരിശോധനയിൽ താഴെ പറയും പ്രകാരമാണ് നീക്കിയിരിപ്പ് കണക്കാക്കിയതെന്ന് കണ്ടെത്തി.

മുന്നിരിപ്പ് – 23334667
വരവ് – 380000
23714667
AFC ൽ ഇല്ലാത്തതും ലെഡ്ജർ പ്രകാരം വരവുള്ളതുമായ തുക - 4191441
ആകെ- 27906108 രൂപ
സെക്രട്ടറിയുടെ വിവിധ പ്രോജക്ടുകൾ പ്രകാരം തിരിച്ചടച്ച തുക 2302667 രൂപ കുറവു ചെയ്തിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 2.14 | അവലോകനം- ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | വിഷയം ലോക്കൽഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |
| 2015-16 | പ്രത്യേക അവലോകനം | 2015-16 | II.5.2 | കമ്പ്യൂട്ടർവത്ക്കരണം- അവലോകനം | വിഷയം ലോക്കൽഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |
| 2016-17 | കമ്പ്യൂട്ടർവത്ക്കരണം- അവലോകനം | 2016-17 | 9.3.2 | ജലവിതരണവും തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതയും | വിഷയം ലോക്കൽഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വി വരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 11403231 |
| ഓഡിറ്റ് വർഷത്തെ വരവ് | 84842339 |
| ആകെ | 96245570 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 80862743 |
| നീക്കിയിരിപ്പ് | 15382827 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54458 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1495124 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 54458 | ശ്രീ.മനോജ്.ജി സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെട്ടു ത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18-2 | 899324 | ശ്രീ.മനോജ്.ജി സെക്രട്ടറി |
| 1-26 | 595800 | ശ്രീ.അനൂപ്.എം.എ അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1495124 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 19185 | ശ്രീ.അനൂപ്.കെ.എം, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 1-18-2 – തെരുവു വിളക്ക് പരിപാലനം – അർഹത ഉറപ്പാക്കാതെ കരാറുകാരന് പർച്ചേസ് ആനുകൂല്യം നൽകി.

ഖ. 1-22-2 – MNREGS ന് ആവശ്യമായ മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാരൻ ജി.എസ്.ടി ഒടുക്കിയെന്ന് ഉറപ്പുവരുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമാണ്.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനൂപ്.കെ.എം, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ചാലക്കുടി ബ്ലോക്ക് | കക്കാട്ട് മന, അളഗപ്പനഗർ, തൃശ്ശൂർ-680302 |
| ശ്രീ.മനോജ്.ജി, സെക്രട്ടറി | സെക്രട്ടറി, ബുധനൂർ ഗ്രാമപഞ്ചായത്ത് | പപ്പടിയിൽ, വെരുവെള്ളിഭാഗം(പി.ഒ), കായംകുളം, കീരിക്കാട്, |

| | | |
|---|---|---|
| | | ആലപ്പുഴ-690502 |
| ശ്രീ.അനൂപ്.എം.എ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് | മണക്കാട്ടിൽ ഹൗസ്, പന്തല്ലൂർ, നെല്ലായി പോസ്റ്റ്, തൃശ്ശൂർ- 680305 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-പികെഡി.18/1283 /2022/1-12-22 (Adalath) | 13 |
| 1998-99 | | 12 |
| 1999-2000 | | 2 |
| 2000-21 | | 11 |
| 2001-02 | | 2 |
| 2002-03 | | 2 |
| 2003-04 | | 3 |
| 2004-05 | | 1 |
| 2005-06 | | 2 |
| 2006-07 | | 3 |
| 2007-08 | | 6 |
| 2008-09 | | 3 |
| 2009-10 | | 5 |
| 2010-11 | | 5 |
| 2011-12 | | 9 |
| 2012-13 & 2014-15 | | 14 |
| 2015-16 | | 6 |
| 2016-17 | | 11 |
| 2017-18 | | 7 |
| 2018-19 | | 11 |
| 2019-20 | കെ.എസ്.എ- | 16 |

| | | |
|---|---|---|
| | പികെഡി.18/307 /2022/21-3-22 | |
| 2020-21 | കെ.എസ്.എ-പികെഡി.18/308 /2022/8-6-22 | 32 |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം

1.

| | | | |
|---|---|---|---|
| Melarcode Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11342497.00 |
| Cash | Cash | RP-40(a) | 60734.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 848280.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 393849.00 |
| 150000000 | Sale & Hire Charges | RP-5 | 222517.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56304023.00 |
| 171000000 | Interest Earned | RP-9 | 266248.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11366384.00 |
| 350000000 | Other Liabilities | RP-36 | 581267.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 6440.00 |
| 330000000 | Secured Loans | RP-32 | 380000.00 |
| 340000000 | Deposits Received | RP-34 | 350618.00 |
| 350000000 | Other Liabilities | RP-36 | 286922.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12674576.00 |
| 460000000 | Loans, Advances and Deposits | RP-47 | 1160715.00 |
| | Grand total | | 96245570.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 3191674.00 |
| 220000000 | Administrative Expenses | RP-12 | 1622736.00 |
| 230000000 | Operations & Maintenance | RP-13 | 4194814.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6815670.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22683977.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1972768.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1783955.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 949483.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 15032651.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 19064.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 505508.00 |
| 350000000 | Other Liabilities | RP-36 | 6212382.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 15035.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -360.00 |
| 340000000 | Deposits Received | RP-34 | 68961.00 |
| 350000000 | Other Liabilities | RP-36 | 2981361.00 |
| 410000000 | Fixed Assets | RP-38 | 3621121.00 |
| 412000000 | Capital work in Progress | RP-40 | 1776864.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4565979.00 |
| 460000000 | Loans, Advances and Deposits | RP-47 | 2849100.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 15382827.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 96245570.00 |

2.

| Melarcode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3734553.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 122082.00 |
| 140000000 | Fee & User Charges | I-4(b) | 458999.00 |
| 150000000 | Sale & Hire Charges | I-5(b) | 222517.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 200441548.00 |
| 171000000 | Interest Earned | I-8 | 215861.00 |
| 180000000 | Other Income | I-9 | 43290.00 |
| | Total Income | | 205238850.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10793641.00 |
| 220000000 | Administrative Expenses | I-11(b) | 1622736.00 |
| 230000000 | Operations & Maintenance | I-12(b) | 4194814.00 |
| 240000000 | Interest & Finance Charges | I-13 | 15035.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6822558.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 91199460.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2061094.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1783955.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 68313883.00 |
| 255000000 | Maintenance Projects | I-14(e) | 15032651.00 |

| | | | |
|---|---|---|---|
| | Total Expenditure | | 201839827.00 |
| | Gross Surplus / Deficit of income over Expenditure | | 3399023.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 1127448.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2271575.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

3.

| Melarcode Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20074430.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3974.00 |
| 312000000 | Reserves | B-3 | 82681696.00 |
| | Total Reserve & Surplus | | 102760100.95 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10105967.00 |
| | Total Grants, Contributions for Specific Purposes | | 10105967.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 27906108.00 |
| | Total Loans | | 27906108.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 620035.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1205941.80 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 1825976.80 |
| | TOTAL LIABILITIES | | 142598152.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 108861622.00 |
| 411000000 | Accumulated Depreciation | B-11 | -19113287.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 89748335.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 200000.00 |
| | Total Investments | | 200000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 1333008.00 |
| 431000000 | Sundry Debtors (Receivables) | B-15 | 5390413.75 |
| 440000000 | Pre-paid Expenses | B-16 | 27906108.00 |
| 50000000 | Cash and Bank Balance | B-17 | 15382827.00 |
| 460000000 | Loans, Advances and Deposits | B-18 | 2637461.00 |
| | Total Current Assets, Loans and Advances | | 52649817.75 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 142598152.75 |

DEPUTY DIRECTOR